**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1628** **28-07-2021 - ൽ മറുപടിയ്ക്ക്**

**വനിതകൾക്കായുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതകളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | (എ)വനിതകളുടെ ക്ഷേമത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 1.അതിജീവിക കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗം മൂലം മരണപ്പെടുകയോ ചെയ്യുമ്പോൾ നിത്യചെലവിനും ആപത്രി ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമാർഗ്ഗമില്ലാതെ ദുരിതമനുഭവിക്കേണ്ടി വരുന്നു.വിധവകൾ,ഭർത്താവ് ഗുരുതരരോഗത്താൽ കിടപ്പിലായ കുടുംബം,ഭർത്താവ് ഉപേക്ഷിച്ചതോ, വിവാഹബന്ധം വേർപെടുത്തിയതോ ആയിട്ടുള്ള കുടുംബം എന്നിവർ എല്ലാം തന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നു. ഭർത്താവിന്റെ അകാല മരണത്താൽ രോഗ ചികിത്സയും വീട്ടു നിർമ്മാണത്തിനും ബാങ്കിൽ നിന്നും എടുത്ത ലോണുകളുടെ തിരിച്ചടവ് മുടങ്ങുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന വാർഷിക വരുമാനം 50,000/- രൂപയിൽ താഴെയുള്ള സ്ത്രീകൾക്ക് അടിയന്തരഘട്ടത്തിൽ ആശ്വാസം നല്കുന്ന പദ്ധതിയാണിത്. പരമാവധി 50.000/-രൂപ വരെയാണ് നല്കുന്നത്. 2. അഭയ കിരണം സ്വന്തമായി വീടോ, സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000/-രൂപ ധനസഹായം നല്കുന്നു. 3.സഹായ ഹസ്തം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള |

| | | | |
|---|---|---|---|
| | | | വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. .ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂവേഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000 രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു. 4.പടവുകൾ വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്ന തിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകുന്നു. 5.വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് ഗുരുതരമായി കിടപ്പിലായവർ എന്നിവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. ഒന്നാംക്ലാസ്സ് മുതൽ 5 -ാംക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 3,000/ രൂപയും. 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 5000/- രൂപയും, പ്ലസ് വൺ, പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് 7,500/- രൂപയും ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് ഒരു വർഷം 10,000/ രൂപയും വിദ്യാഭ്യാസ ധനസഹായമായി അനുവദിക്കുന്നു. 5.മംഗല്യ വിധവകളായ സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിതാണ് മംഗല്യ വിധവാ പുനർ വിവാഹ ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകളുടെ പുനർ വിവാഹത്തിന് 25,000/ രൂപ അനുവദിക്കുന്നു. കൂടാതെ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്കായി വിവിധ തരം വായ്പാ പദ്ധതികൾ നല്കി വരുന്നു.വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉന്നത വിദ്യാഭ്യാസം ലഭിച്ച വനിതകളുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ; | (ബി) | (ബി) ബി എസ് സി നേഴ്സിംഗ്/ജി എൻ എം കോഴ്സ് കഴിഞ്ഞവർക്ക് വിദേശരാജ്യങ്ങളിലും ഇന്ത്യയിൽ തന്നെ കൂടുതൽ മെച്ചപ്പെട്ട ആശുപത്രികളിലും തൊഴിൽ അവസരം ഉറപ്പു വരുത്തുന്നതിനു നൽകി വരുന്ന നൈപുണ്യ വികസന കോഴ്സ് (Advanced Skill Enhancement Programme in Nursing-ASEP-N) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും തൊഴിൽ വകുപ്പിന് കീഴിലുള്ള ODEPEC ഉം ഒത്തു ചേർന്നു നടത്തി വരുന്നു. 6 മാസത്തെ ഈ കോഴ്സ് പൂർത്തീകരിച്ച് IELTS/OET |

| | | | |
|---|---|---|---|
| | | | പാസാകുന്നവർക്ക് വിദേശ രാജ്യങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ വനിതകളിൽ 2015 ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സാധ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ; | (സി) | (സി)ഇതു സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | സംസ്ഥാനത്തെ സ്ത്രീകൾക്ക് തൊഴിൽ സംരംഭകരാകുവാൻ ഈ സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ വിശദമാക്കുമോ? | (ഡി) | ഡി) വനിതശിശു വികസന വകുപ്പ് മുഖേന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം നൽകുന്ന 'സഹായഹസ്തം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വനിതാ വികസന കോർപ്പറേഷനിൽ ഈ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ ലഭ്യമാക്കിയിട്ടില്ല. വിവിധ ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ ധനസഹായത്തോടു കൂടി മിതമായ പലിശ നിരക്കിൽ വിവിധ തരം സ്വയംതൊഴിൽ ഗ്രൂപ്പ് സംരഭ വായ്പാ പദ്ധതികൾ വനിതകൾക്കു വേണ്ടി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**1) സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം**

## <u>വായ്പാ പദ്ധതികൾ</u>

**1) സ്വയം തൊഴിൽ വായ്പാ പദ്ധതി**
**2) വിദ്യാഭ്യാസ വായ്പാ പദ്ധതി**
**3) ലഘു വായ്പാ പദ്ധതി**

## I. <u>പിന്നോക്ക വിഭാഗം</u>

**<u>യോഗ്യതാ മാനദണ്ഡങ്ങൾ</u>**

1) സർക്കാർ അംഗീകരിച്ച പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും (ഒ.ബി.സി) ഉൾപ്പെട്ട ആളായിരിക്കണം.
2) വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

## 1. <u>സ്വയം തൊഴിൽ വായ്പാ പദ്ധതി</u>

- പരമാവധി വായ്പാ തുക - 15 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - (വാർഷിക പലിശ) 5 ലക്ഷം വരെ -6%, 5 ലക്ഷം മുതൽ 10 ലക്ഷം വരെ - 7%, 10 ലക്ഷം മുതൽ 15 ലക്ഷം വരെ - 8%
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

## 2. <u>വിദ്യാഭ്യാസ വായ്പ പദ്ധതി</u>

- പരമാവധി വായ്പാ തുക - ഇന്ത്യ - 10 ലക്ഷം രൂപ വരെ, വിദേശം - 20 ലക്ഷം രൂപ വരെ
- പലിശ നിരക്ക് - 3.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

## 3. <u>ലഘു വായ്പ പദ്ധതി</u>

- പരമാവധി വായ്പാ തുക-10 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 100000 രൂപ വരെ
- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ, ഒരു സി.ഡി.എസ്. ന് 50 ലക്ഷം രൂപ വരെ

- പലിശ നിരക്ക് - 5% (വാർഷിക പലിശ), സി.ഡി.എസ്.ന് - 3.5%
- തിരിച്ചടവ് കാലാവധി - 36 മാസം

## II. ന്യൂനപക്ഷ വിഭാഗം

### യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2) വരുമാന പരിധി രായി തിരിച്ചിരിക്കുന്നു - ക്രെഡിറ്റ് ലൈൻ ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരുമാനം 98,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,20,000 രൂപ വരെയുമാണ്.
3) ക്രെഡിറ്റ് ലൈൻ രിൽ മൊത്തം വരുമാന പരിധി 6.00 ലക്ഷം രൂപ വരെയാണ്

## 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക
  a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ
  b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ
- പലിശ നിരക്ക് - 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18നും 55നും മദ്ധ്യേ

## 2. വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക
  a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ (ഇന്ത്യ)
  b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ (വിദേശം)
- പലിശ നിരക്ക്
  a) ക്രെഡിറ്റ് ലൈൻ I - 3%
  b) ക്രെഡിറ്റ് ലൈൻ II - 5%
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

## 3. ലഘു വായ്പ പദ്ധതി (വനിതാ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി./എൻ.ജി.ഒ.))

- പരമാവധി വായ്പാ തുക

a) ക്രെഡിറ്റ് ലൈൻ I - 20 ലക്ഷം രൂപ എസ്.എച്ച്.ജി.
(30 ലക്ഷം എൻ.ജി.ഒ., സി.ഡി.എസ്. - 50 ലക്ഷം രൂപ)

b) ക്രെഡിറ്റ് ലൈൻ II - 30 ലക്ഷം രൂപ എസ്.എച്ച്.ജി.
(30 ലക്ഷം എൻ.ജി.ഒ., സി.ഡി.എസ്. - 50 ലക്ഷം രൂപ))

- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ
- പലിശ നിരക്ക്

ക്രെഡിറ്റ് ലൈൻ I&II - എസ്.എച്ച്.ജി.- 5%, എൻ.ജി.ഒ.- 2%, സി.ഡി.എസ്. 3.5%

- തിരിച്ചടവ് കാലാവധി - 36 മാസം

## 4. വിരാസത്ത് പദ്ധതി (കരകൗശല വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി)

- പരമാവധി വായ്പാ തുക
  ക്രെഡിറ്റ് ലൈൻ I - 10 ലക്ഷം രൂപ
- പലിശ നിരക്ക് - 4 % (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ
- വരുമാന പരിധി ക്രെഡിറ്റ് ലൈൻ ഒന്നിൽ ഗ്രാമ പ്രദേശങ്ങളിൽ വാർഷിക വരുമാനം 81,000 രൂപ വരെയും, നഗര പ്രദേശങ്ങളിൽ 1,03,000 രൂപ വരെയുമാണ്.

## III. പട്ടിക ജാതി വിഭാഗം

### യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

## 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക - 50 ലക്ഷം രൂപ
- പലിശ നിരക്ക് - 6%-9% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 18 നും 55 നും മദ്ധ്യേ

## 2. വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക - 10 ലക്ഷം രൂപ, വിദേശം - 20 ലക്ഷം രൂപ
- പലിശ നിരക്ക് - 3.5% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി - 60 മാസം
- ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം
- പ്രായം 16 നും 32 നും മദ്ധ്യേ

## IV. പട്ടികവർഗ്ഗ വിഭാഗം

### യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പട്ടികവർഗ്ഗ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.

2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

## 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക – 2.00 ലക്ഷം രൂപ
- പലിശ നിരക്ക് – 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി – 60 മാസം
- ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

## V. ശുചീകരണ തൊഴിലാളികൾക്കുള്ള വായ്പാ പദ്ധതി

ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ (NSKFDC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകി. ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കുടുംബശ്രീ, ശുചിത്വമിഷൻ എന്നീ സ്ഥാപനങ്ങളു മായി സഹകരിച്ച് ആദ്യഘട്ടത്തിൽ നടപ്പാക്കും. തുടർന്ന് നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനം യന്ത്രവത്കരിക്കുന്നതിനുള്ള ധനസഹായ പദ്ധതി രാംഘട്ടത്തിലും നട ത്തും.

**യോഗ്യതാ മാനദണ്ഡങ്ങൾ**

1) ശുചീകരണ തൊഴിലാളികളും അവരുടെ ആശ്രിതർക്കും
2) കുടുംബശ്രീ മിഷന്റെ ഹരിത കർമ്മ സേനയിൽ ഉൾപ്പെട്ടവർ
3) മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട കോഓപ്പറേറ്റീവ് സൊസൈറ്റികൾ

## 1. സ്വയം തൊഴിൽ വായ്പാ പദ്ധതി

- പരമാവധി വായ്പാ തുക – 15 ലക്ഷം രൂപ
- പലിശ നിരക്ക് – 6% (വാർഷിക പലിശ)
- തിരിച്ചടവ് കാലാവധി – 84 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

## 2. *വിദ്യാഭ്യാസ വായ്പ പദ്ധതി

- പരമാവധി വായ്പാ തുക – 10 ലക്ഷം രൂപ, വിദേശം – 20 ലക്ഷം രൂപ
- പലിശ നിരക്ക് – 3.5% (വാർഷിക പലിശ) വിദേശം – 4%
- തിരിച്ചടവ് കാലാവധി – 60 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

*ശുചീകരണ തൊഴിലാളികളുടെ ആശ്രിത വിദ്യാർത്ഥിനികൾ

## 3. ലഘു വായ്പ പദ്ധതി

- ഒരു അംഗത്തിന് പരമാവധി വായ്പാ തുക - 60,000/-രൂപ
- പരമാവധി അംഗ പരിധി - 20 അംഗങ്ങൾ
- പലിശ നിരക്ക് സി.ഡി.എസ്. ന് - 3% (വാർഷിക പലിശ),
- തിരിച്ചടവ് കാലാവധി - 36 മാസം

കുടുംബശ്രീയുടെ സി.ഡി.എസ്. ന് കീഴിൽ രജിസ്ട്രർ ചെയ്ത വനിതാ ശുചീകരണ അംഗങ്ങളുടെ ഗ്രൂപ്പുകൾ

**3. <u>സ്വച്ച്താ ഉദ്യമി യോജന വായ്പ പദ്ധതി</u>**

ബപരമാവധി വായ്പാ തുക - 50 ലക്ഷം രൂപ
ബപലിശ നിരക്ക് - 4% (വാർഷിക പലിശ)
ബതിരിച്ചടവ് കാലാവധി - 84 മാസം

ശുചീകരണവുമായി ബന്ധപ്പെട്ട് വാഹനങ്ങൾ/ശുചീകരണ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി. ശുചീകരണവുമായി ബന്ധപ്പെട്ട തൊഴിലാളികൾ, ഗ്രൂപ്പുകൾ

**1)മിത്ര 181**

സ്ത്രീ സുരക്ഷയും, ശാക്തീകരണത്തിനുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതിയായ മിത്ര 181 എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ 2017 മുതൽ പ്രവർത്തിച്ചു വരുന്നു.

**2)വനമിത്ര (ആദിവാസി വനിതാ വികസന പദ്ധതി)**

കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിലെ മുതുകാട് ആദിവാസി

സെറ്റിൽമെന്റ് കോളനിയിൽ 'വനമിത്ര' എന്ന പേരിൽ ആദിവാസി സ്ത്രീകളുടെ തൊഴിൽ നൈപുണ്യം വികസിപ്പിച്ചു കൊ് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊു വരാനായുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടു്. 18 നും 55 നും വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി കൊ് അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും അതിലൂടെ സമ്പൂർണ്ണ വികസനത്തിനുമായി 2017-18 ൽ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ചക്കിട്ടപ്പാറയിൽ 50 വനിതകൾക്ക് പശു വളർത്തലിലും തീറ്റപ്പുൽ കൃഷിക്കും പരിശീലനം പൂർത്തിയാക്കി പശു വിതരണത്തിനും പശു തൊഴുത്ത് നിർമ്മാണത്തിനുമുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു.

**3) ബോധ്യം -പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി**

സമൂഹത്തിൽ നിലനിൽക്കുന്ന വൈവിധ്യങ്ങളെയും ലിംഗപദവി വിവേചനത്തെയും കുറിച്ചുള്ള ശരിയായ അറിവ് ക്രമസമാധാന സേനയുടെ നീതി പൂർവമായതും

കാലാനുസൃതവുമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന തിരിച്ചറിവിനെ തുടർന്ന് സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കായി ലിംഗാവബോധ പരിശീലനം നൽകുന്നതിനുള്ള ബോധ്യം പദ്ധതി 2019 മുതൽ നൽകി വരുന്നു.

**4)പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി**

2018-19 മുതലാണ് ഫിനിഷിംഗ് സ്കൂൾ എന്നതിന് പുറമെ വനിതകൾക്കായി തൊഴിൽ പരിശീലനങ്ങൾ കൂടി റീച്ചിൽ ആരംഭിച്ചത്. പട്ടികജാതി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെ മൂന്ന് പഞ്ചായത്തിൽ എൽ.ഇ.ഡി. സാമഗ്രികളുടെ നിർമ്മാണം, സംരംഭകത്വം എന്നിവയിൽ 100 വനിതകൾക്ക് 2019-20 ൽ പരിശീലനം നൽകുകയും സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സഹായിക്കുകയും ചെയ്തു.

5) **വനിതാ മിത്ര കേന്ദ്രം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ**

നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏഴ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തുന്നതിന് പുറമെ മലപ്പുറത്ത് പെരിന്തൽമണ്ണയിലും എറണാകുളത്ത് കാക്കനാടും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ര് പുതിയ ഹോസ്റ്റലുകൾ കൂടി സ്ഥാപിച്ചു വരുന്നു.

**6) ഷീ-ടോയ്ലറ്റ്**

യാത്രക്കാരായ സ്ത്രീകൾക്ക്  സുരക്ഷിതവും വൃത്തിയുള്ളതും അനായാസേന ഉപയോഗിക്കാൻ കഴിയുന്നതുമായ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ രൂപപ്പെടുത്തിയ ശൗചാലയങ്ങൾ  ലഭ്യമാക്കുന്ന ഷീ-ടോയ്ലറ്റ് പദ്ധതിയിലെ നിലവിലുായിരുന്ന 50 എണ്ണത്തിന് പുറമെ പുതിയ 8 ഷീ ടോയ്ലറ്റ് കൂടി സ്ഥാപിച്ചിട്ടു്.

## 7) Advanced Skill Enhancement Programme for Nurses (ASEP – N)

ആതുര ശുശ്രൂഷാ രംഗത്ത് വൈദഗ്ധ്യമുള്ള ലക്ഷക്കണക്കിന് നഴ്സുമാരെ വർത്തമാന ലോകത്തിന്റെ ആവശ്യമാണെന്നിരിക്കെ വിദേശ രാജ്യങ്ങളിലെ മെച്ചപ്പെട്ട ജോലി സാധ്യതകൾ ലഭ്യമാക്കുന്നതിലേക്കായി റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ നഴ്സുമാർക്കായി ASEP – N എന്ന പേരിൽ സമഗ്ര നൈപുണ്യ പരിശീലനം ആരംഭിച്ചു.

8) **ട്രാൻസ്ജെർ വ്യക്തികൾ/ഗ്രൂപ്പുകൾക്കുള്ള വായ്പാ പദ്ധതി**

ട്രാൻസ്ജെർ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ വായ്പയിലൂടെ സാമൂഹിക ശാക്തീകരണം പ്രാപ്തമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വനിതാ വികസന കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പ ദ്ധതിയാണ് ഇത്.

**9)വനിതാ സഹകരണ സംഘങ്ങൾക്കുള്ള വായ്പാ പദ്ധതി**

കോർപ്പറേഷന്റെ ഫ് ഉപയോഗിച്ച് കൊ് വനിതാ സഹകരണ സംഘങ്ങൾക്ക് സംരംഭ പ ദ്ധതികൾ നടത്തുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ 6% പലിശയ്ക്ക് വായ്പ യായി നൽകുന്ന വായ്പാ പദ്ധതിയാണ് ഇത്. വനിതകളുടെ സാമ്പത്തിക ശാക്തീകര ണത്തിന് പുറമേ വികസന പ്രവർത്തനങ്ങളിൽ കൂടി അവരുടെ പങ്കാളിത്തം ലക്ഷ്യമാ ക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**10) ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSKFDC)**

ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ സംസ്ഥാന ചാന ലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള സർക്കാർ അനുമതി കോർപ്പറേ ഷന് ലഭിച്ചതിനെ തുടർന്ന് ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരു ടെയും സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ വായ്പാ സഹായ പദ്ധ തികൾ, ആദ്യഘട്ടത്തിൽ കുടുംബശ്രീ, ശുചിത്വമിഷൻ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് 'മഹിളാ സമൃദ്ധി യോജന സ്കീം' നടപ്പിൽ വരുത്തി 05.01.2021 ന് ഉദ്ഘാ ടനം നിർവ്വഹിച്ചു.

**11) ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSTFDC)**

പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പാ സഹായം നൽകുന്ന പദ്ധതിക്കായി ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പ റേഷനിൽ നിന്ന് ധനസഹായം ലഭ്യമാക്കി ടി വിഭാഗത്തിന്റെ സാമ്പത്തിക ഉന്നമനവും സുരക്ഷിതത്വവും ഉറപ്പ് വരുത്താൻ വനിതാ വികസന കോർപ്പറേഷന് സാധിച്ചു.

**12) ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസുകൾ**

ഷീ പാഡ് പദ്ധതിയുടെ ഭാഗമായി 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥിനിക ളുടെ ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട് പ്രത്യുൽപാദന ആരോഗ്യം, ആർത്തവം, ആർത്തവ പരിപാലനം എന്നിവയിൽ ശാസ്ത്രീയ അവബോധം വരുത്തുന്നതിന് പരി ശീലന ക്ലാസുകൾ നടത്തി വരുന്നു.

**13)വിധവകൾക്ക് വേിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ**

വിധവകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിൽ ഇല്ലയെങ്കിലും 2017-18 ൽ കേരളത്തിലെ 18 മുതൽ 55 വരെ പ്രായമുള്ള വിധവകളുടെ ശാക്തീകരണം മുൻ നിർത്തി ഇദംപ്രഥമായി മൂന്ന് ദിവസം നീു നിന്ന വിധവാ സംരംഭ കത്വ പരിശീലന പരിപാടി സംഘടിപ്പിക്കുകയും പത്ത് ജില്ലകളിൽ നിന്നായി തെര ഞ്ഞെടുക്കപ്പെട്ട 300 പേർക്ക് പരിശീലനം നൽകുകയും ചെയ്തു. ആയതിന്റെ അടി സ്ഥാനത്തിൽ അവരിൽ നിന്ന് സംരംഭം തുടങ്ങുന്നതിനായി വായ്പാ സഹായമാവശ്യ പ്പെട്ട് വിശദമായ പ്രപ്പോസലുമായി കോർപ്പറേഷനെ സമീപിച്ചവർക്ക് വായ്പ നൽകുന്ന തിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

**14)ഐ.സി.സി. ബോധവത്ക്കരണം**

തൊഴിലിടങ്ങളിൽ സ്തീകൾ അഭിമുഖീകരിക്കുന്ന ലൈംഗിക പീഡനങ്ങൾ സംബ ന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനാണ് ആഭ്യന്തര പരാതി പരിഹാര കമ്മറ്റി (Internal Complaints Committee) പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ സംഘടിത അസംഘടിത സ്ഥാപനങ്ങളിലെ ആഭ്യന്തര പരാതി പരിഹാര കമ്മറ്റിയുടെ നിലവിലെ സ്ഥിതിയും അവസ്ഥയും മനസ്സിലാക്കുന്നതിലേക്കായി ഐ.എം.ജി. മുഖേന ഒരു പഠനം നടത്തുകയും ചെയ്തു. ഇതിന്റെ പ്രധാന്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന തിനുള്ള ശില്പശാലകൾ സംഘടിപ്പിച്ചു വരുന്നു.